# അന്നംകുളങ്ങര ഭഗവതി ക്ഷേത്രം

കേരളത്തിലെ പലശിവാലയങ്ങളിലും സ്വയംഭൂ പ്രതിഷ്ഠയാണ് ആയിരക്കണക്കിന് കൊല്ലത്തെ ഋഷിവര്യൻമാരുടെ തപസ്സിനാൽ ഉയർന്ന് വന്ന സ്വയംഭൂവായ മഹാദേവന്റെ പ്രതിഷ്ഠ ഏറ്റവും ശ്രേഷ്ഠവും പവിത്രവുമാണ്. ദേവോപാസകരായ പല ഋഷിവര്യൻമാരുടെയും തപസ്സുകൊണ്ട് പ്രത്യക്ഷപ്പെട്ട സ്വയംഭൂ പ്രതിഷ്ഠയുള്ള ദേവീക്ഷേത്രങ്ങളുണ്ട്. അന്നംകുളങ്ങര ദേവീക്ഷേത്രത്തിൽ സ്വയംഭൂവായ ദേവിയാണ്. കേരളത്തിലെ ഭൂരിപക്ഷം ക്ഷേത്രങ്ങൾക്കും പ്രത്യേക ഐതിഹ്യമുണ്ട്. അന്നംകുളങ്ങര ഭഗവതീക്ഷേത്രത്തിനാകട്ടെ കുടുമ്പവുമായി ഐതിഹ്യമാണ് തലമുറകളായി വിശ്വസിച്ച് വരുന്നത്.

പൂർവ്വികകാലത്ത് ഇല്ലത്ത് ചൈതന്യമുള്ള ഒരു പെൺകിടാവ് ജനിച്ചു. ഈപെൺകിടാവിനെ അച്ഛനമ്മമാർ സ്നേഹബഹുമാനത്തോടെ ലാളിച്ചു വളർത്തിയത്രെ. ബാല്യത്തിൽ നിന്നും കൗമാരത്തിലേയ്ക്ക് പ്രവേശിച്ച ഓമന മകൾ അസാധാരണ കഴിവുകൾക്കുടമയായിരുന്നു. മാതാപിതാക്കളെപോലും അനുസരിയ്ക്കാതെ വന്നപ്പോൾ അച്ഛനമ്മമാർക്ക് ഹിതകരമല്ലെന്ന് വന്നപ്പോൾ - തന്റെ സ്വാതന്ത്ര്യത്തിന് തടസ്സം വന്നപ്പോൾ കന്യകയായ പെൺകിടാവ് നാലുകെട്ടിന്റെ അന്തരാളത്തിൽ ഇടനാഴിയിൽ അച്ഛനമ്മമാരുടെ സമക്ഷത്തിൽ അന്തർദ്ധാനം ചെയ്തു തന്നെ കുളക്കരയിൽ കാണാമെന്ന് പ്രവചിച്ചതായി പൂർവ്വികർ പറഞ്ഞുവരുന്നു.

കുളക്കരയിൽ പ്രത്യക്ഷപ്പെട്ടദേവിയ്ക്കാണ് പ്രത്യേകം ആലയം പണിത് പ്രതിഷ്ഠിച്ചതായി വിശ്വസിച്ച് വരുന്നത്. പരദേവതയായ ദേവിയുടെ ശ്രീകോവിൽ ദേവിയ്ക്ക് മഴ കൊള്ളുന്ന രീതിയിൽ നിർമ്മിച്ച് പ്രതിഷ്ഠിച്ചിരിയ്ക്കുന്നു.

തറവാട്ടിലേയ്ക്ക് ദൃഷ്ടിപതിയ്ക്കത്തക്കരീതിയിൽ പടിഞ്ഞാട്ട് അഭിമുഖമായി പ്രതിഷ്ഠയാണ്.

കാലം കഴിഞ്ഞപ്പോൾ പില്ക്കാലത്ത് കിഴക്കോട്ട് ദർശ്ശനമായി ഭദ്രകാളിയേയും പ്രതിഷ്ഠിച്ചിരിയ്ക്കുന്നു. ആദ്യം പറഞ്ഞപോലെ ഭദ്രകാളിക്ക് കൊല്ലവും കളംപാട്ടും ഉത്സവവും ഉണ്ട്. എന്നാൽ കന്യകാസങ്കൽപ്പത്തിൽ പ്രതിഷ്ഠിച്ച ദേവിയ്ക്ക് ആഘോഷങ്ങളൊന്നും പതിവില്ല.

തരവാട്ടുകാരണവരായ വേദഞ്ജാനം, സംസ്കൃതഭാഷ, തച്ചുശാസ്ത്രം, ജോതിഷം എന്നിവ കൈകാര്യം ചെയ്തിരുന്ന അന്തരിച്ച കാണിപ്പയ്യൂർ സുബ്രഹ്മണ്യൻ നമ്പൂതിരിപ്പാടിന്റെ മകനായ ഉണ്ണി എന്ന കൃഷ്ണൻ നമ്പൂതിരിപ്പാട് ക്ഷേത്രത്തിന് ജീർണ്ണത സംഭവിച്ചപ്പോൾ 25 കൊല്ലം മുമ്പെ ക്ഷേത്രം പുതുക്കി പണിതീർത്ത് ഉപദേവൻമാരായ ശിവന്റെയും-ഗണപതിയുടെയും ശ്രീകോവിൽ പുതുക്കിപണിതീർത്തതോടൊപ്പം ദേവിയ്ക്ക് അഭിമുഖമായി വിഷ്ണുവിനെയും പ്രതിഷ്ഠിച്ചു.

ഇപ്പോൾ ദേവിയ്ക്കും, ഭദ്രകാളിയ്ക്കും വിശാലമായ നടപ്പുരകളും നിർമ്മിച്ച് ക്ഷേത്രം വിപുലീകരിച്ചു.

ശാസ്ത്രം കൈകാര്യം ചെയ്തിരുന്ന കാരണവൻമാരെല്ലാം ദേവിയുടെ പരദേവതയായ ഭഗവതിയുടെ ഉപാസകൻമാരായിരുന്നു എന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. അവരെല്ലാം ദേവിയെപ്രകീർത്തിച്ചുവരുന്നശ്ലോകം എഴുതിയിട്ടുണ്ട്.